**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 30.06.2025

# "കെ.എസ്.എഫ്.ഇ വായ്പയ്ക്ക് വ്യാജ സാലറി സർട്ടിഫിക്കറ്റ് നൽകിയതിന് 6 വർഷം കഠിന തടവിന് വിജിലൻസ് കോടതി ശിക്ഷിച്ചു."

കെ.എസ്.എഫ്.ഇ പയ്യന്നൂർ ബ്രാഞ്ചിൽ വ്യാജ സാലറി സർട്ടിഫിക്കറ്റ് നൽകി ചിട്ടിയിൽ നിന്നും 50,000/- രൂപ വായ്പയെടുത്തതിന് വിജിലൻസ് രജിസ്റ്റർ ചെയ്ത കേസിൽ കെ.പി സുനിൽ കുമാർ കുറ്റക്കാരനാണെന്ന് തലശ്ശേരി വിജിലൻസ് കോടതി കണ്ടെത്തി വിവിധ വകുപ്പുകളിലായി 6 വർഷം കഠിന തടവിനും 60,000/- രൂപ പിഴ ഒടുക്കുന്നതിനും ഇന്ന് (30.06.2025) ശിക്ഷിച്ചു.

കെ.എസ്.എഫ്.ഇ പയ്യന്നൂർ ബ്രാഞ്ചിൽ 2000 കാലഘട്ടത്തിൽ നടന്ന ചിട്ടിയിൽ അംഗമായിരുന്ന കെ.പി.സുനിൽ കുമാർ ചിട്ടിയിൽ നിന്ന് 50,000/- രൂപ വായ്പ എടുക്കുന്നതിനായി ശ്രമിച്ചിരുന്നു. എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ഒന്നാം പ്രതി പി.പോളിന്റെ സഹായത്തോടെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ ഒരു ക്ലർക്കിന്റെ പേരിലുള്ള സാലറി സർട്ടിഫിക്കറ്റ് എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യുന്നതായി വ്യാജമായി ഉണ്ടാക്കി 25.01.2000 തിയതി കെ.എസ്.എഫ്.ഇ പയ്യന്നൂർ ബ്രാഞ്ചിൽ ഹാജരാക്കി ലോൺ കൈപ്പറ്റിയതിന് കണ്ണൂർ വിജിലൻസ് യൂണിറ്റ് രജിസ്റ്റർ ചെയ്ത്, അന്വേഷണം പൂർത്തിയാക്കി, കുറ്റപത്രം സമർപ്പിച്ച കേസിലാണ് സുനിൽ കുമാർ കുറ്റക്കാരനാണെന്ന് തലശ്ശേരി വിജിലൻസ് കോടതി കണ്ടെത്തിയത്. വിവിധ വകുപ്പുകളിലായി ആകെ 6 വർഷം കഠിന തടവിനും 60,000/- രൂപ പിഴ ഒടുക്കുന്നതിനുമാണ് ഇന്ന് (30.06.2025) വിജിലൻസ് കോടതി ശിക്ഷ വിധിച്ചത്. ശിക്ഷ ഒരുമിച്ച് അനുഭവിച്ചാൽ മതിയെന്നും വിധിന്യായത്തിൽ പറയുന്നു. എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) ശ്രീ. കെ.രാമകൃഷ്ണനാണ് വിധി പുറപ്പെടുവിച്ചത്. വിജിലൻസിനു വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ശ്രീമതി. ഉഷാകുമാരി.കെ ഹാജരായി. ഒന്നാം പ്രതി വിചാരണക്കിടെ മരണപ്പെട്ട് പോയിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.